# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം

ഉത്തരവ് നമ്പർ **ഇ11/38365/13/K.Dis.** തീയതി: 05.11.2013

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ആർ. കെ. ഷീല, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയം - വിനിമയ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ശ്രീമതി. ആർ. കെ. ഷീല, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയത്തിന്റെ 28-10-2013ലെ അവധി അപേക്ഷ.

കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർ ശ്രീമതി. ആർ. കെ. ഷീല, വ്യക്തിപരമായ ആവശ്യങ്ങൾക്കായി 28.10.2013 മുതൽ 14.12.2013 വരെ വിനിമയ അവധി അനുവദിക്കണ മെന്ന് പരാമർശ പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശ്രീമതി. ആർ. കെ. ഷീല, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയത്തിന് വ്യക്തിപരമായ ആവശ്യങ്ങൾക്കായി 28.10.2013 മുതൽ 14.12.2013 വരെ വിനിമയ അവധി അനുവദിച്ചും പൊതു അവധി ദിവസങ്ങളായ 27.10.2013 അവധിയ്ക്ക് മുന്നിലും 15.12.2013 അവധിയ്ക്ക് പിന്നിലും ചേർക്കുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി. ആർ. കെ. ഷീല, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയം പ്രസ്തുത വിനിമയ അവധിയിൽ പ്രവേശിച്ചില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ശ്രീമതി. ആർ. കെ. ഷീല, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയത്തിന്റെ അവധിക്കാലത്ത് കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ പൂർണ്ണ അധികച്ചുമതല ശ്രീ. സുരേഷ് കുമാർ പി., സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോട്ടയം നിർവഹിക്കേണ്ടതാണ്.

ചുമതല കൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ യഥാസമയം ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്
**സാമൂഹ്യനീതി ഡയറക്ടർ**

1. ശ്രീമതി. ആർ. കെ. ഷീല, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയം
2. ശ്രീ. സുരേഷ് കുമാർ പി., സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോട്ടയം

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (With C/L)
2. മേഖലാ അസിസ്റ്റന്റ് ഡയറക്ടർ, എറണാകുളം.
3. ജില്ലാ സാമൂഹ്യനീതി ആഫീസർ, കോട്ടയം
4. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

SK/13